# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.07.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ഒഡിഷ സന്ദർശിക്കുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പുരിയിൽ പ്രശസ്തമായ രഥയാത്രയ്ക്ക് സാക്ഷ്യം വഹിക്കും.
   **President Droupadi Murmu will witness the world-famous Rath Yatra of Lord Jaganath in Puri today.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ റഷ്യ, ഓസ്ട്രിയ സന്ദർശനത്തിന് നാളെ തുടക്കമാകും.
   **Prime Minister Narendra Modi's three-day visit to Russia and Austria will begin tomorrow.**

3. പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 22 മുതൽ ആരംഭിക്കും. കേന്ദ്ര ബജറ്റ് അവതരണം 23ന്.
   **Budget Session of Parliament to begin from 22nd of this month; Union budget to be presented the next day**

4. കേരള സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഡൽഹിയിലേക്ക് മടങ്ങും.
   **After completing the visit to Kerala, Vice President Jagdeep Dhankhar will return to Delhi today**

5. യൂറോ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇംഗ്ലണ്ടും നെതർലൻഡും സെമിയിൽ.
   **England and Netherlands enter into the semi-finals of the Euro Cup football championship.**

6. ടി-20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് സിംബാബ്‌വെയെ നേരിടും.

**India will face Zimbabwe in the second match of the T20 series today.**

&&&&&&&&&&&&&&&&&&

## HEADLINE-1
## MOR. PREZ - ODISHA

ഒഡിഷയിൽ നാല് ദിവസത്തെ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന്, പുരിയിൽ നടക്കുന്ന പ്രശസ്തമായ രഥയാത്രയ്ക്ക് സാക്ഷ്യം വഹിക്കും. ഇന്നലെ ഭുവനേശ്വറിലെത്തിയ രാഷ്ട്രപതി ഉത്കൽമണി പണ്ഡിറ്റ് ഗോപബന്ധു ദാസിന്റെ 96-ാം ചരമ വാർഷികാചരണത്തിൽ പങ്കെടുത്തു. നാളെ ഭുവനേശ്വറിലെ ചരിത്രപ്രസിദ്ധമായ ഉദയഗിരി, ഖണ്ഡഗിരി ഗുഹകൾ രാഷ്ട്രപതി സന്ദർശിക്കും. ബിഭൂതി കനുങ്കോ കോളേജ് ഓഫ് ആർട്ട് ആൻഡ് ക്രാഫ്റ്റ്സ്, ഉത്കൽ യൂണിവേഴ്സിറ്റി ഓഫ് കൾച്ചർ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുമായും ശ്രീമതി മുർമു സംവദിക്കും. ഭുവനേശ്വറിന് സമീപമുള്ള ഹരിദാമദ ഗ്രാമത്തിൽ ബ്രഹ്മാകുമാരിസിന്റെ ഡിവൈൻ റിട്രീറ്റ് സെന്റർ ഉദ്ഘാടനവും 'സുസ്ഥിരതയ്ക്കുള്ള ജീവിതശൈലി' എന്ന കാമ്പെയ്നും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ചൊവ്വാഴ്ച ഭുവനേശ്വറിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ചിന്റെ 13-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

***************************************

## HEADLINE-2
## MOR. PM-RUSSIA AUSTRIA VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ റഷ്യ, ഓസ്ട്രിയ സന്ദർശനത്തിന് നാളെ തുടക്കമാകും. സന്ദർശനത്തിന്റെ ആദ്യഘട്ടത്തിൽ മോസ്കോയിലെത്തുന്ന

പ്രധാനമന്ത്രി 22-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും.

**വിശദാംശങ്ങളിലേക്ക്..............**

**(വോയിസ്)**

*പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രിയുടെ റഷ്യ സന്ദർശനം. ഇരു രാജ്യങ്ങളും തമ്മിലുള്ള ബഹുമുഖ ബന്ധങ്ങളുടെ മുഴുവൻ ശ്രേണിയും നേതാക്കൾ അവലോകനം ചെയ്യും. പരസ്പര താൽപര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുവരും കാഴ്ചപ്പാടുകൾ കൈമാറും. മോസ്കോയിലെ ഇന്ത്യൻ സമൂഹവുമായും ശ്രീ മോദി സംവദിക്കും. റഷ്യ സന്ദർശനം പൂർത്തിയാക്കിയ ശേഷം പ്രധാനമന്ത്രി ചൊവ്വാഴ്ച ഓസ്ട്രിയയിലെത്തും. അതേസമയം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വരാനിരിക്കുന്ന വിയന്ന സന്ദർശനത്തെ ഏറെ അഭിമാനത്തോടെ ഉറ്റുനോക്കുന്നുവെന്ന് ഓസ്ട്രിയൻ ചാൻസലർ കാൾ നെഹാമർ പറഞ്ഞു. 41 വർഷത്തിന് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കുന്നത്. ഓസ്ട്രിയൻ പ്രസിഡന്റ് അലക്സാണ്ടർ വാൻ ഡെർ ബെല്ലനുമായും ചാൻസലർ നെഹാമറുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ഇന്ത്യയിലെയും ഓസ്ട്രിയയിലെയും വ്യവസായ പ്രമുഖരുമായും ഇന്ത്യൻ സമൂഹവുമായും ശ്രീ മോദി ആശയവിനിമയം നടത്തും.*

***ന്യൂസ്ഡെസ്ക് ആകാശവാണി....***

****************************************

## MOR. AMIT SHAH-GUJARAT VISIT

രണ്ട് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിനെത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് രഥയാത്രയോടനുബന്ധിച്ച് ജഗന്നാഥ ക്ഷേത്രത്തിലെ മംഗള ആരതിയിൽ പങ്കെടുക്കും. പിന്നീട്, അഹമ്മദാബാദിലെ നാരൻപുരയിൽ ആധുനിക മൾട്ടി-

സ്പെഷ്യാലിറ്റി ആശുപത്രിയും അഹമ്മദാബാദിലെ അംബവാഡിയിൽ വിദ്യാർത്ഥി ഭവനും കേന്ദ്രമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

*****************************************

## HEADLINE-3

## PARLIAMENT BUDGET SESSION

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 22 മുതൽ ആരംഭിക്കും. ഓഗസ്റ്റ് 12 വരെ സമ്മേളനം തുടരുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു സമൂഹമാധ്യമക്കുറിപ്പിൽ അറിയിച്ചു. 2024-25 ലെ കേന്ദ്ര ബജറ്റ് ജൂലൈ 23ന് ലോക്സഭയിൽ അവതരിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. ബജറ്റ് സമ്മേളനത്തിനായി പാർലമെന്റിന്റെ ഇരുസഭകളും വിളിക്കാനുള്ള നിർദ്ദേശത്തിന് സർക്കാരിന്റെ ശുപാർശ പ്രകാരം രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകിയതായി ശ്രീ റിജിജു വ്യക്തമാക്കി.

*****************************************

## MOR. HEALTH MINISTRY-NEET COUNSELLING

ഈ വർഷത്തെ നീറ്റ് യുജി, പിജി കോഴ്സുകളുടെ കൗൺസിലിംഗ് ഷെഡ്യൂൾ സംബന്ധിച്ച വിവരങ്ങൾ മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റി ഇതുവരെ കൈമാറിയിട്ടില്ലെന്ന് ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. യുജി സീറ്റ് മാട്രിക്സ് ജൂലൈ മൂന്നാം വാരത്തിലും പിജി സീറ്റ് മാട്രിക്സ് ഓഗസ്റ്റ് പകുതിയോടെയും അന്തിമമാക്കുമെന്ന് ദേശീയ മെഡിക്കൽ കമ്മീഷൻ സൂചിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റി ഷെഡ്യൂൾ അറിയിക്കുന്നത്.

*****************************************

**HEADLINE-4**

**VICE PRESIDENT**

കേരള സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഡൽഹിയിലേക്ക് മടങ്ങും. രണ്ടു ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ തിരുവനന്തപുരത്തെത്തിയ ഉപരാഷ്ട്രപതി വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെ 12-ാമത് ബിരുദ ദാന ചടങ്ങിനെ അഭിസംബോധന ചെയ്തു. ശേഷം കൊല്ലത്തെത്തിയ അദ്ദേഹം കുടുംബത്തോടൊപ്പം അഷ്ടമുടിക്കായലിൽ ഉല്ലാസയാത്ര നടത്തി. ഇന്ന് ഹെലികോപ്ടർ മാർഗം കൊല്ലത്തുനിന്ന് തിരുവനന്തപുരത്തേക്ക് എത്തുന്ന അദ്ദേഹം ഉച്ചയോടെ ഡൽഹിക്ക് മടങ്ങും.

***************************************

## MOR. ASSAM-FLOOD

അസമിൽ കനത്ത മഴയും വെള്ളപ്പൊക്കവും തുടരുന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 6 പേർ കൂടി മരിച്ചതോടെ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 58 ആയി. 29 ജില്ലകളിലായി 24 ലക്ഷത്തോളം ആളുകൾ ഇപ്പോഴും വെള്ളപ്പൊക്കത്താൽ ദുരിതത്തിലാണ്. 107 റവന്യൂ സർക്കിളുകളിലെ 3,500-ലധികം വില്ലേജുകളെ പ്രളയം ബാധിച്ചു. സംസ്ഥാനത്തുടനീളം 68,000 ഹെക്ടറിലധികം കൃഷിയിടങ്ങളിൽ നാശമുണ്ടായി. കഴിഞ്ഞ 24 മണിക്കൂറിനിടെ 218 പേരെ ദേശീയ, സംസ്ഥാന ദുരന്ത നിവാരണ സേനകളുടെ ടീമുകൾ രക്ഷപ്പെടുത്തി. ബ്രഹ്മപുത്ര നദിയും ബരാക്കും അവയുടെ എല്ലാ കൈവഴികളും അപകടനിലയ്ക്ക് മുകളിലാണ് ഒഴുകുന്നത്. അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ 176 റോഡുകളും 2 പാലങ്ങളും വെള്ളപ്പൊക്കത്തിൽ തകർന്നു. 15 ലക്ഷത്തിലധികം മൃഗങ്ങളെയും പ്രളയം ബാധിച്ചു. സംസ്ഥാന സർക്കാർ 293

ദുരിതാശ്വാസ ക്യാമ്പുകളും 284 ദുരിതാശ്വാസ വിതരണ കേന്ദ്രങ്ങളും തുറന്നിട്ടുണ്ട്.

****************************************

## CHAR DHAM YATRA - SUSPENDED

കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ ശക്തമായ മഴ മുന്നറിയിപ്പിനെ തുടർന്ന് ഉത്തരാഖണ്ഡിലെ ചാർ ധാം യാത്ര ഇന്ന് താൽക്കാലികമായി നിർത്തിവയ്ക്കും. കനത്ത മഴയും വിവിധ പാതകളിലെ മണ്ണിടിച്ചിലും കണക്കിലെടുത്ത് ഋഷികേശിന് പുറത്തേക്ക് യാത്ര ചെയ്യരുതെന്ന് ഗർവാൾ ഡിവിഷണൽ കമ്മീഷണർ വിനയ് ശങ്കർ പാണ്ഡെ തീർഥാടകരോട് അഭ്യർത്ഥിച്ചു. ഇന്നും നാളെയും ശക്തമായ മഴ മുന്നറിയിപ്പാണ് പ്രദേശത്ത് കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്നത്.

****************************************

## MOR. VINESH GOLD

ഇന്നലെ മാഡ്രിഡിൽ നടന്ന ഗ്രാൻഡ് പ്രീ ഓഫ് സ്പെയിനിൽ ഇന്ത്യൻ ഗുസ്തി തരാം വിനേഷ് ഫോഗട്ടിന് സ്വർണം. വനിതകളുടെ 50 കിലോഗ്രാം വിഭാഗത്തിൽ റഷ്യൻ താരത്തെ പരാജയപ്പെടുത്തിയാണ് സ്വർണം നേടിയത്.

****************************************

## HEADLINE-6
## INDIA VS ZIMBABWE- 2ND T20

അഞ്ച് മത്സരങ്ങളുടെ ടി-20 പരമ്പരയിലെ രണ്ടാമത്തെ മത്സരത്തിൽ ഇന്ത്യ ഇന്ന് സിംബാബ്‌വെയെ നേരിടും. സിംബാബ്‌വെയിലെ ഹരാരെയിൽ വൈകിട്ട് 4.30 ന് മത്സരം ആരംഭിക്കും. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ സിംബാബ്‌വെ 13 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തി.

ആദ്യം ബാറ്റ് ചെയ്ത സിംബാബ്‌വെ 20 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 115 റൺസെടുത്തു. 116 റൺസ് പിന്തുടർന്ന ശുഭ്മാൻ ഗില്ലിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം 19.5 ഓവറിൽ 102 റൺസിന് പുറത്തായി. കഴിഞ്ഞ എട്ട് വർഷത്തിനിടയിലെ ടി-20 അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യയുടെ ഏറ്റവും കുറഞ്ഞ ഓൾഔട്ട് സ്കോറാണിത്.

****************************************

## HEADLINE-5

## EURO CUP FOOTBALL

യൂറോ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇംഗ്ലണ്ടും നെതർലൻഡും ത്രസിപ്പിക്കുന്ന വിജയങ്ങളുമായി സെമിയിൽ സ്ഥാനം ഉറപ്പിച്ചു. നിശ്ചിത സമയത്ത് 1-1 ന് സമനില വഴങ്ങിയ ഇംഗ്ലണ്ട് പെനാൽറ്റിയിൽ 5-3ന് സ്വിറ്റ്സർലൻഡിനെ മറികടന്നു. മറ്റൊരു ക്വാർട്ടർ ഫൈനലിൽ നെതർലൻഡ്സ് 2-1ന് തുർക്കിയെ തോൽപിച്ചു. ചൊവ്വാഴ്ച രാത്രി 12.30 ന് നടക്കുന്ന ആദ്യ സെമിയിൽ സ്പെയിനും ഫ്രാൻസും ഏറ്റുമുട്ടും. ബുധനാഴ്ച രാത്രി 12.30ന് നടക്കുന്ന രണ്ടാം സെമിയിൽ ഇംഗ്ലണ്ട് നെതർലൻഡ്സിനെ നേരിടും.

****************************************

## MOR FSSAI

പാക്കറ്റ് ഭക്ഷ്യ ഉത്പന്നങ്ങളിൽ പോഷകവിവരങ്ങൾ രേഖപ്പെടുത്തുന്നതിനും അക്ഷരങ്ങളുടെ വലിപ്പം കൂട്ടുന്നതിനുമുള്ള ശുപാർശ അംഗീകരിച്ചതായി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ. 2020 ലെ ഭക്ഷ്യ സുരക്ഷാനിയന്ത്രണങ്ങളിൽ ഭേദഗതി വരുത്തിയാണ് ഉൽപ്പന്നത്തിലെ ആകെ പഞ്ചസാര, ഉപ്പ്, കൊഴുപ്പ് എന്നിവയുടെ അളവ് രേഖപ്പെടുത്തുന്നതിനുള്ള തീരുമാനം അംഗീകരിച്ചത്. ഉപഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കളുടെ

പോഷകനിലവാരത്തെപ്പറ്റി ധാരണയുണ്ടാകുന്നതിനും ഭേദഗതിയിലൂടെ സാധിക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു.

***************************************

## MAVELI STORES - G R ANIL

സപ്ലൈകോയുടെ അമ്പതാം വാർഷികം പ്രമാണിച്ച് കേരളത്തിൽ പുതിയ 50 മാവേലി സ്റ്റോറുകൾ ആരംഭിക്കുമെന്ന് മന്ത്രി ജി.ആർ അനിൽ. കാസർഗോഡ് പുതുക്കൈ ചേടി റോഡ് മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പൊതുമാർക്കറ്റിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോയുടെ പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നെല്ല് സംഭരിച്ച വകയിൽ 1,090 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കാൻ ഉണ്ടെന്നും രാജ്യത്ത് ഏറ്റവും കൂടുതൽ വില നൽകി നെല്ല് സംഭരിക്കുന്ന സംസ്ഥാനം കേരളമാണെന്നും ശ്രീ ജി.ആർ അനിൽ വ്യക്തമാക്കി.

***************************************

## MAHA-AGRICULTURE STATE AWARD

2024 ലെ മികച്ച കാർഷിക സംസ്ഥാന അവാർഡിന് മഹാരാഷ്ട്ര അർഹമായി. ഇന്ത്യയുടെ മുൻ ചീഫ് ജസ്റ്റിസ് ജസ്റ്റിസ് പി സദാശിവം അധ്യക്ഷനായ പതിനഞ്ചാമത് അഗ്രികൾച്ചർ ലീഡർഷിപ്പ് അവാർഡ് സമിതിയാണ് പുരസ്കാര പ്രഖ്യാപനം നടത്തിയത്. ബുധനാഴ്ച ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ മഹാരാഷ്ട്ര മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ അവാർഡ് ഏറ്റുവാങ്ങും. പരിസ്ഥിതി സംരക്ഷണം, ഭക്ഷ്യസുരക്ഷ, മറ്റ് സമാന വിഷയങ്ങൾ എന്നിവയിലൂടെ മഹാരാഷ്ട്ര സർക്കാർ പരമാവധി സുസ്ഥിര വികസന നയങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് അഗ്രികൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസ് കമ്മീഷൻ ചെയർമാൻ പാഷാ പട്ടേൽ പറഞ്ഞു.

****************************************

## KUWAIT - NORKA ROOTS

കുവൈറ്റിലെ തൊഴിലാളികളുടെ താമസകേന്ദ്രത്തിലുണ്ടായ തീപ്പിടുത്തത്തിൽ മരിച്ച പത്തനംതിട്ട, കോട്ടയം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് സ്വദേശികളായ 12 പേരുടെ ആശ്രിതർക്കുള്ള ധനസഹായം മന്ത്രിമാർ വീടുകളിലെത്തി കൈമാറി. കുവൈറ്റ് ദുരന്തത്തിൽ മരണമടഞ്ഞ 16 പേരുടെ കുടുംബങ്ങൾക്കുള്ള സഹായധനമാണ് ഇതുവരെ കൈമാറിയത്. ബാക്കിയുള്ളവർക്ക് വരും ദിവസങ്ങളിൽ ധനസഹായം കൈമാറുമെന്ന് നോർക്ക റൂട്ട്സ് അറിയിച്ചു.

****************************************

## KOZHIKODE INSTITUTE - VEENAGEORGE

അവയവ മാറ്റ ശസ്ത്രക്രിയക്കായി കോഴിക്കോട് സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ് പറഞ്ഞു. ഇതിനായി 463 കോടി രൂപ ചിലവഴിക്കും.

*

****************

**************************************************************